കോഴിക്കോട് സർവ്വകലാശാലാ ക്യാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന അനിശ്ചിതകാല സമരം

113 (1149) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലാ ക്യാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന അനിശ്ചിതകാല സമരം ഒത്തുതീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; സമരം ഒത്തുതീർക്കുന്നതിന് തടസ്സം നിൽക്കുന്ന കാര്യമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) സർവ്വകലാശാലയിൽ റഗുലർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിൽ സ്വാശ്രയ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയ വൈസ് ചാൻസലറുടെ നടപടി സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(സി) ഇത്തരം തീരുമാനങ്ങൾ പൊതുവിദ്യാഭ്യാസത്തെ തകർക്കുന്നതിന് കാരണമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന് നാല് മാസമായി സർവ്വകലാശാലാ ക്യാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന സഹനസമരം ഒത്തുതീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം 9-3-2015-ന് ബഹു. വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ഒത്തുതീർപ്പായിട്ടുണ്ട്.

(ബി&സി) കായിക വിദ്യാർത്ഥികൾക്ക് അവരുടെ സമയക്രമം അനുസരിച്ച് അതിരാവിലെ മുതൽ വൈകുന്നേരം വരെ പരിശീലനം നടക്കുന്നതിനാൽ ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ക്യാമ്പസിൽ താമസസൗകര്യം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമായാണ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാല കാണുന്നത്. കായിക വിദ്യാർത്ഥികൾക്കായി 3.7 കോടി രൂപ ചെലവിൽ സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് കൈക്കൊള്ളുകയും പ്രസ്തുത ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം സി.പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 9-3-2015-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിദ്യാർത്ഥികൾ നടത്തിവന്ന സമരം ഒത്തുതീർന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരം

114 (1150) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാല ആസ്ഥാനത്ത് വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിദ്യാർത്ഥി സമരത്തിന്റെ ഡിമാന്റുകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) സമരം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് വിദ്യാർത്ഥി നേതാക്കളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ചർച്ചകൾ പരാജയപ്പെടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സമരം ഒത്തുതീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാനമായും ഒറ്റപ്പാലം വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽ സ്വാശ്രയ മേഖലയിലുള്ള കായിക വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഏർപ്പെടുത്തിയതിനെതിരെയാണ് വിദ്യാർത്ഥികൾ സമരം നടത്തുന്നത്.

(സി-ഇ) 9-3-2015-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിദ്യാർത്ഥികൾ നടത്തിവന്ന സമരം ഒത്തുതീർന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly